(സി) എൻ.ആർ.എച്ച്.എം. ഫണ്ട് ലഭ്യമല്ലാതാകുന്നതുമുതൽ പ്രസ്തുത ആരോഗ്യകേന്ദ്രങ്ങൾ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പേരാമ്പ്രയോ - 373, ആയുർവേദ - 208, അലോപ്പതി - എൻഎച്ച്. എം.-ന്റെ കീഴിൽ 35 നാഷണൽ അർബൻ ഹെൽത്ത് സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ 16 എണ്ണം കൂടി തുടങ്ങാൻ അനുവാദം ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ തീരുമാനപ്രകാരം എൻ.ആർ.എച്ച്.എം. പദ്ധതി 2017 വരെയാണ്. ഓരോ വർഷവും സമർപ്പിക്കുന്ന പദ്ധതികൾ അംഗീകരിച്ച് കിട്ടുന്ന മുറയ്ക്ക് നടപ്പിലാക്കിവരുന്നു.

(സി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

ആശുപത്രികൾക്ക് കാഷ് അംഗീകാരം ലഭിക്കാൻ നടപടി

2 (6707) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികൾക്ക് കാഷ് (KASH) അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എത്ര ആശുപത്രികൾക്കാണ് പ്രസ്തുത അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം നേട്ടങ്ങളാണ് പ്രസ്തുത അംഗീകാരം മുഖാന്തിരം ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) അംഗീകാരം ലഭിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. കേരളത്തിലെ സർക്കാർ ആശുപത്രികളുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്. ഇതിന്റെ പ്രധാനമായ ലക്ഷ്യം സാധാരണക്കാരായ രോഗികൾക്ക് ഏറ്റവും മികച്ച നിലവാരത്തിലുള്ള ചികിത്സ നൽകുക എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിലെ 14 ആശുപത്രികൾക്ക് ഇതിനോടകം അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

(സി) അക്രഡിറ്റേഷൻ നൽകുന്നതിന്റെ ഭാഗമായി ഈ ആശുപത്രികളിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി. ആശുപത്രിയിലെ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി. രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വേണ്ട സുരക്ഷാ നടപടികൾ സ്വീകരിച്ചു. ഇതുകൂടാതെ രോഗികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചു. ടോക്കൺ സിസ്റ്റം നടപ്പിലാക്കി. രോഗികൾക്കായി കേസ് റിക്കോർഡുകൾ ഏകീകരിച്ചു. ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പുവരുത്തി. എല്ലാ രോഗനിർണ്ണയ ഉപകരണങ്ങളും കാലിബ്രേഷൻ നടത്തി.

ഇതുകൂടാതെ ആശുപത്രികളിൽ അറ്റകുറ്റപ്പണികൾ നടത്തി. ആശുപത്രി കെട്ടിടങ്ങൾ നവീകരിച്ചു. കേടായ ഉപകരണങ്ങൾ നന്നാക്കി. ബയോമെഡിക്കൽ മാലിന്യങ്ങൾ നിയമപ്രകാരം നിർമ്മാർജ്ജനം ചെയ്തു. വീൽചെയർ ട്രോളി തുടങ്ങിയവ രോഗികളുടെ ആവശ്യത്തിനായി സജ്ജമാക്കി. അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചു. രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിച്ചു. ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തിവരുന്നു.

(ഡി) എൻ.ആർ.എച്ച്.എം.-ന്റെ നേതൃത്വത്തിൽ ക്വാളിറ്റി അഷ്വറൻസ് വിഭാഗം രൂപീകരിച്ചു. സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയും ജില്ലാതല ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയും അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. ഇതുകൂടാതെ ജില്ലാതലത്തിൽ ക്വാളിറ്റി അഷ്വറൻസ് ഓഫീസറെ നിയമിച്ചിട്ടുണ്ട്.

ആശുപത്രികളിൽ അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആശുപത്രി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു കോർ കമ്മിറ്റി രൂപീകരിച്ചു. ഇതുകൂടാതെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

3 (6708) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് ആശുപത്രിവരെ ജീവനക്കാർ കൃത്യമായി ജോലിയിൽ ഹാജരാകുന്നത് നിരീക്ഷിക്കുവാനും

LIBRARY ARCHIVES Kerala Legislative Assembly